ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉമ്മന്നൂർ പ്രാഥമികാരോഗ്യകേന്ദ്രം പുനരുദ്ധാരണത്തിന് പഞ്ചായത്ത് പ്ലാൻ ഫണ്ടിൽനിന്നും 7.13 ലക്ഷം രൂപ അനുവദിച്ച് പഞ്ചായത്ത് നേരിട്ട് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പണി പൂർത്തീകരിച്ചിട്ടില്ല. മൈലം പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ചുറ്റുമതിൽനിർമ്മാണംപൂർത്തീകരിച്ചിട്ടുണ്ട്. ലാബ് നിർമ്മാണം നടന്നുവരുന്നു.

ഇരിണാവ് ആയുർവ്വേദ സർക്കാർ ഡിസ്പെൻസറി

4 (2278) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി പഞ്ചായത്തിലെ ഇരിണാവ് ആയുർവേദ സർക്കാർ ഡിസ്പെൻസറി ആയുർവേദ ആശുപത്രിയാക്കി ഉയർത്തിയതെന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്രയെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് കിടത്തി ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ ഇരിണാവ് ആയുർവ്വേദ സർക്കാർ ഡിസ്പെൻസറി ജി.ഒ (എം.എസ്) നമ്പർ.108/2011/ആ.കു.വ. തീയതി തിരുവനന്തപുരം 21-2-2011 ഉത്തരവ് പ്രകാരം മുപ്പത് കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ ഒരു അറ്റന്റർ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(സി) പ്രസ്തുത ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly